STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No. 56/PR/SPMC/PHQ/2023 Date: 23.05.2023

# കളിക്കാം പഠിക്കാം, പാട്ടു പാടി ചുവടുവയ്ക്കാം, കാക്കിപ്പടയ്ക്കൊപ്പം

കനകക്കുന്നിലെ പോലീസ് പവലിയനിൽ പോലീസുകാർക്കൊപ്പം വിവിധ കഴിവുകൾ മാറ്റുരച്ച് അരങ്ങു തകർക്കുകയാണ് കൊച്ചു കുട്ടുകാർ. എൻറെ കേരളം മെഗാ എക്സിബിഷനിലെ പോലീസ് പവലിയനിലാണ് കുട്ടികളുടെ വിവിധ കഴിവുകൾ മാറ്റുരയ്ക്കാൻ പ്രത്യേക സ്ഥലമൊരുക്കി പോലീസുദ്യോഗസ്ഥർ കാത്തിരിക്കുന്നത്. പങ്കെടുക്കുന്നവർക്ക് നിറഞ്ഞ കൈയ്യടിക്കൊപ്പം സമ്മാനങ്ങളും ലഭിക്കും.

വിനോദത്തിനു പുറമേ വിജ്ഞാനവും പകർന്നു നൽകാൻ പോലീസ് മാമൻമാർ റെഡി. പോലീസിനെ പറ്റി എന്തും ഇവിടെ നിന്നറിയാം. വിരൽത്തുമ്പിൽ ലഭ്യമാകുന്ന പോലീസ് സേവനങ്ങൾ മുതൽ കുടുകട്ടി ശാസ്ത്ര സമസ്യകളിൽ കുടുങ്ങിക്കിടക്കുന്ന ഫോറൻസിക് സയൻസിൻറെ നിഗൂഢതകൾ വരെ സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്.

യുവതയുടെ ഹരമായ ഡ്രോണുകൾ, മൊബൈൽ ഗെയിമുകളിലൂടെ കുട്ടികളെ ത്രസിപ്പിച്ച പുതുപുത്തൻ ആയുധങ്ങൾ എന്നിവ നേരിട്ടു കാണാം, കൺനിറയെ. ഒപ്പം പോലീസ് വയർലെസിലൊരു ചാറ്റുമാകാം.

പിന്നൊരു കാര്യം, അൽപമൊരു അടിതട പഠിക്കാതെ പോലീസ് സ്റ്റാളിൽ നിന്ന് പുറത്തിറങ്ങാമെന്ന് ആരും കരുതേണ്ട. പ്രത്യേകിച്ചും പെൺകുട്ടികൾ. ഒറ്റപ്പെട്ടു പോകുന്ന അവസരങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള അപകടങ്ങൾ പരമാവധി ഒഴിവാക്കാനും പ്രതിരോധിക്കാനുമുള്ള നുറുങ്ങു വിദ്യകൾ പോലീസ് ആൻറിമാർ പഠിപ്പിച്ചേ വിടൂ. ഏറ്റവും ചെറിയ കായികബലം ഉപയോഗിച്ച് തങ്ങൾക്കു നേരെയുണ്ടാകുന്ന ശാരീരിക അതിക്രമങ്ങൾ എങ്ങനെ തടയാമെന്നു പെൺകുട്ടികൾക്ക് മിനിറ്റുകൾക്കുള്ളിൽ ഇവർ പകർന്നു നൽകും. ഒപ്പം മനക്കരുത്തും ആത്മവിശ്വാസവും വളർത്തേണ്ടതിൻറെ ആവശ്യകതയും ഓർമ്മിപ്പിക്കും. സൈബർ ആക്രമണങ്ങൾ നേരിടാനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കും.

സ്റ്റാളിനു പുറത്ത് നിങ്ങളെക്കാത്ത് മറ്റൊരു അത്ഭുതക്കാഴ്ചയുണ്ട്. കേരള പോലീസിൻറെ ഓമനകളായ ശ്വാന വീരൻമാരുടെ അഭ്യാസ പ്രകടനങ്ങൾ. പരിശീലനത്തിലൂടെ ആർജ്ജിച്ച വിദ്യകളോരോന്നും ചിട്ടയോടെ നിങ്ങൾക്കായി ഈ നായ്ക്കൾ കാഴ്ചവയ്ക്കും. അഗ്നി വളയങ്ങളും തടസങ്ങളും അനായാസം ചാടിക്കടന്നുള്ള സാഹസിക പ്രവൃത്തികളും കാണാം.

കാഴ്ചയ്ക്ക് ഭീകരനെങ്കിലും അടുത്തറിഞ്ഞാൽ അണച്ചുപിടിച്ചു പോകും ബൽജിയം മലിനോയിസ് വിഭാഗത്തിലെ ദിയയെ. ഒരു മിനിറ്റ് അടങ്ങിയിരിക്കാത്ത ലക്കിയും ഡോളിയും ആരുടെയും മനം കവരും. യാതൊരു ക്ഷീണവുമില്ലാതെ എപ്പോഴും ഉത്സാഹത്തോടെയിരിക്കുന്ന അരുമകളായ ബീഗിൾ ഇനത്തിൽ പെട്ട ഈ കൊച്ചു മിടുക്കികളെ തലോടാതെ പോരാനും കഴിയില്ല. ജാക്കും സാമന്തയും അർജ്ജുനുമൊക്കെ റെഡിയാണ് നിങ്ങൾക്കൊപ്പം ഫോട്ടോ എടുക്കാൻ.

തൊട്ടടുത്തായൊരു സെൽഫി പോയിൻറുണ്ട്. നിങ്ങൾക്കൊപ്പം സെൽഫിക്ക് പോസ് ചെയ്യാൻ തലയെടുപ്പോടെ ചേതക്ക് ഉണ്ട്. കേരളാ പോലീസിൻറെ അശ്വാരൂഢ സേനയുടെ കരുത്തൻ പോരാളിയായ കുതിര. ഒപ്പം, കുഞ്ചിരോമങ്ങളിളക്കി വിന്നിംഗ് ഡെസ്റ്റിനി എന്ന മറ്റൊരു കുതിരയുമുണ്ട്.

ഇങ്ങനെ വൈവിധ്യങ്ങളുടെ കലവറ നിറച്ച് പോലീസിലെ ഓരോ യൂണിറ്റിനെയും അണിനിരത്തിയാണ് പോലീസ് പവലിയൻ ഒരുക്കിയിരിക്കുന്നത്. സ്റ്റേറ്റ് പോലീസ് മീഡിയ സെൻററിനാണ് സ്റ്റാളുകളുടെ ഏകോപനച്ചുമതല. സർക്കാരിൻറെ രണ്ടാം വാർഷിക ആഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരിക്കുന്ന മേള ശനിയാഴ്ച സമാപിക്കും. രാവിലെ 10 മുതൽ രാത്രി 10 വരെ സ്റ്റാൾ സന്ദർശിക്കാം.

*************************